Draft #76 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2020 03:49 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ പുന:പ്രവേശനം - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 566/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.01.2020

---

*പരാമർശം:*-1. പരിപത്രം നം. എഡി.എ10/3/118/2018, തീയതി 15.10.2018

2. ശ്രീ. ഗോപകുമാർ എം.എസ്. , സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ൻറെ 21.01.2020 മുതൽ 36 ദിവസത്തെ അവധിയ്ക്കുള്ള അപേക്ഷ.

3. ശ്രീ. രജി എൻ. മൂസത്, സെക്ഷൻ ഓഫീസർ 22.01.2020 തീയതിയായി നൽകിയ സമർപ്പണം.

4. സർക്കുലർ നമ്പർ Ad.AI-3-246/2016, തീയതി 31.05.2016.

5. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി., തീയതി 20.12.2010.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, ശ്രീ. റോയ് കുരുവിള, ഡെപ്യൂട്ടി രജിസ്ട്രാർ VII (പരീക്ഷ) സർവ്വീസിൽ നിന്നും 31.01.2020 -ന് വിരമിക്കുകയാണ്.

ശ്രീ. ഗോപകുമാർ എം.എസ്., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), ഇ.ബി. 14 സെക്ഷൻ, 21.01.2020 മുതൽ 36 ദിവസത്തെ അർദ്ധവേതനാവധിയ്ക്ക് പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

ശ്രീ. രജി എൻ. മൂസത്, സെക്ഷൻ ഓഫീസർ അവധിയ്ക്ക് ശേഷം 01.02.2020 -ന് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (3) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, ജോലിയിൽ പുന:പ്രവേശനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ പുന:പ്രവേശനം തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകുന്ന സെക്ഷൻ/ ഓഫീസ് |
|---|---|---|---|---|
| 1. | ശ്രീ. ജോസ് എം.സി., ഡെപ്യൂട്ടി രജ്സ്ട്രാർ IV (പരീക്ഷ) -നെ ഡെപ്യൂട്ടി രജ്സ്ട്രാർ VII (പരീക്ഷ) ആയി 01.02.2020 പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിക്കുന്നു. | | | |
| 2. | ശ്രീമതി. ആര്യ വി.കെ., സെക്ഷൻ ഓഫീസർ, ഇ ഐ 35 സെക്ഷനെ ഇ.ബി. 14 സെക്ഷനിലേക്ക് 01.02.2020 പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിക്കുന്നു. | | | |
| 3. | ശ്രീ.അജിത് കുമാർ കെ, അസിസ്റ്റൻറ് രജിസ്ട്രാർ (H.G.) XV (പരീക്ഷ) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 77,400 - 1,15,200/- ശമ്പളസ്കെയിലിൽ 01.02.2020 പ്രാബല്യത്തിൽ നിയമിക്കുന്നു. | ശ്രീ. റോയ് കുരുവിള, ഡെപ്യൂട്ടി രജിസ്ട്രാർ വിരമിക്കുന്ന തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ IV (പരീക്ഷ) |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #76 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2020 03:49 PM - Page 2

| | | | | |
|---|---|---|---|---|
| 4. | ശ്രീ. സ്റ്റാലിൻ പി എസ് അസിസ്റ്റൻറ് രജിസ്ട്രാർ & എ.പി.എസ്. ടു വി.സി | ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700 - 1,10,400 /- ശമ്പള സ്കെയിലിൽ 01.02.2020 പ്രാബല്യത്തിൽ നിയമിക്കുന്നു. | ശ്രീ.അജിത് കുമാർ കെ, അസിസ്റ്റൻറ് രജിസ്ട്രാർ (H.G.) -ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിക്കുന്നു. |
| 5. | ശ്രീ. സുരേഷ് ബാബു കെ, സെക്ഷൻ ഓഫീസർ (H.G.), സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് | അസിസ്റ്റൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 - 89,000/- ശമ്പളസ്കെയിലിൽ 01.02.2020 പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സ്റ്റാലിൻ പി എസ് അസിസ്റ്റൻറ് രജിസ്ട്രാർ ഹയർ ഗ്രേഡ് ആയതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റൻറ് രജിസ്ട്രാർ XV (പരീക്ഷ) |
| 6. | ശ്രീ. ഹരികുമാർ എസ്, സെക്ഷൻ ഓഫീസർ, EN XVII | സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500-85,000 /- ശമ്പളസ്കെയിലിൽ 21.01.2020 പ്രാബല്യത്തിൽ നിയമിക്കുന്നു. | ശ്രീ. ഗോപകുമാർ, സെക്ഷൻ ഓഫീസർ (H.G.) അവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിക്കുന്നു. |
| 7. | ശ്രീ. ഹരികുമാർ പി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, EG V | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600-79,200 /- ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിക്കുന്നു. | ശ്രീ.ഹരികുമാർ എസ്, സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് ആയതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | EI XXXV സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 8. | ശ്രീ. ശ്രീജിത്ത് ആർ, സെക്ഷൻ ഓഫീസർ, യൂണിവേഴ്സിറ്റി ലൈബ്രറി | സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500-85,000 /- ശമ്പളസ്കെയിലിൽ 01.02.2020 പ്രാബല്യത്തിൽ നിയമിക്കുന്നു. | ശ്രീ. സുരേഷ് ബാബു കെ, സെക്ഷൻ ഓഫീസർ (H.G.) -ക്ക് അസിസ്റ്റൻ രജിസ്ട്രാർ ആയി സ്ഥനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിക്കുന്നു. |
| 9. | ശ്രീ. രജി എൻ. മുസത്, സെക്ഷൻ ഓഫീസർ | 01.02.2020 മുതൽ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലിയിൽ പുന:പ്രവേശിക്കുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നു. | ശ്രീ. ശ്രീജിത്ത് ആർ., സെക്ഷൻ ഓഫീസർക്ക് ഹയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് (പട്ടികയിൽ നിന്നും പകരം നിയമനം നടത്തുന്നതു വരെ മാത്രം) |

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ശ്രീ. അജിത്കുമാർ കെ, അസിസ്റ്റൻറ് രജിസ്ട്രാറുടെ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം സർവ്വകലാശാല ആക്ട് III 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (5) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഡെപ്യൂട്ടി രജിസ്ട്രാർ/ അസിസ്റ്റൻറ് രജിസ്ട്രാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണടതാണ്.

സൂചന (5)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. വകുപ്പുമേധാവി, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
7. പബ്ലിക് റിലേഷൻസ് ഓഫീസർ/ പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III/ ഫിനാൻസ് I/II/ എഡി.എIII/ എഡി.എ.IV/ എഡി.എVI/ എഡി.സി I/II/III/ എഫ്.സി.സി./ എഡി.ബി.IX
9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂഎ.സി./ CITAD
10. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

Draft #76 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2020 03:49 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #76 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 31-Jan-2020 03:49 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം